വിക്ടേഴ്സ് ചാനലിൽ വന്ന മലയാളം ക്ലാസുകളുടെ ഉള്ളടക്കവും തുടർ പ്രവർത്തനങ്ങളും

12-12-2020

കേരളപാഠാവലി- X

കടൽത്തീരത്ത് - 03

 മുൻ ക്ലാസിൽ നൽകിയ തുടർ പ്രവർത്തനങ്ങൾ ഓർമ്മപ്പെടുത്തി.

■ അസ്തമയത്തിന്റെ രണ്ടു ചിത്രങ്ങളിലൂടെ സംഭവിച്ച കഴിഞ്ഞ മരണവും സംഭവിക്കാനിരിക്കുന്ന മരണവും കൂട്ടിയിണക്കപ്പെടുന്നുണ്ടോ ?

■ അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളയിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകി
പ്രയോഗത്തിന്റെ ഔചിത്യം കണ്ടെത്തൽ .

 പ്രയാസമേറിയതും ദീർഘവുമായ തീവണ്ടി  യാത്രക്കൊടുവിൽ വെള്ളായിയപ്പൻ കണ്ണൂരിൽ എത്തിച്ചേരുന്ന ഭാഗം വിശദീകരിച്ചു.
നഗരം വെള്ളായിയപ്പനെ എങ്ങനെയാണ് സ്വീകരിക്കുന്നത്  എന്ന് വ്യക്തമാക്കുന്നതോടൊപ്പം ഗ്രാമം അയാളോട് കാണിച്ച സഹാനുഭൂതിയെ ചൂണ്ടിക്കാട്ടുകയും ചെയ്തു.

■ അയാൾ കണ്ണൂരിൽ ചെന്നിറങ്ങിയപ്പോൾ വണ്ടിക്കാർ അയാളോട് വണ്ടി വേണോ എന്ന് ചോദിച്ചില്ല.
[ അവഗണനയുടെ സൂചനയാണത്. രൂപവും ഭാവവും കണ്ടപ്പോൾ അയാൾ വണ്ടി വിളിക്കാൻ യോഗ്യതയില്ലാത്തയാളാണെന്ന് അവർ വിധി എഴുതി ]

■ ജയിലിലേക്ക് ഏങ്ങനെയാണ് വഴി എന്ന അന്വേഷണത്തിന് പരിഹാസവും പുച്ഛവും കലർന്ന ഭാഷയിലാണ് വെള്ളായിയപ്പന്  വണ്ടിക്കാർ മറുപടി കൊടുക്കുന്നത്.

■ എന്നാൽ പാഴുതറ എന്ന ഗ്രാമം വെള്ളായിയപ്പന്റെ ദുഃഖത്തിൽ പങ്കുചേരുന്നു. അയാളുടെ സങ്കടം ആ നാടിന്റേത് കൂടിയാകുന്നു. പങ്കുവെക്കുമ്പോൾ കുറയുന്നതാണ് സങ്കടം എന്ന തത്വം

അവർക്കറിയാമായിരുന്നു. കരുതലും പങ്കുവെക്കലും ഗ്രാമ മനസ്സുകളിലെ നന്മയാണ്.

 അനുബന്ധമായി കുറ്റിപ്പുറത്ത് കേശവൻ നായരുടെ വരികൾ ഓർമ്മപ്പെടുത്തി.

നാട്യ പ്രധാനം നഗരം ദരിദ്ര്യം
നാട്ടിൻപുറം നന്മകളാൽ സമൃദ്ധം

- ഗ്രാമീണ കന്യക -

 ജയിലിനു മുന്നിലെത്തിയ വെള്ളായിയപ്പനോട് പാറാവുകാരൻ ആദ്യം പരുക്കനായി പെരുമാറുന്നതും വെള്ളായിയപ്പന്റെ കൈയിലുള്ള കടലാസ് വായിച്ചു നോക്കിയതോടെ ( മകന്റെ വധശിക്ഷ സംബന്ധിച്ച കുറിപ്പ് ) അയാൾ കരുണാർദ്രനാകുന്നതുമായ ഭാഗം വിശദീകരിച്ചു.

 ജയിലിനു മുന്നിലെ കാത്തിരിപ്പിനിടയിൽ പൊതിച്ചോറിന്റെ നനവ് വെള്ളായിയപ്പന്റെ വിരലുകളിൽ നനവു പടർത്തുന്ന ഭാഗം വിശദീകരിച്ചു.

■ വെള്ളായിയപ്പൻ ആ പൊതിച്ചോറ് മകനു വേണ്ടി കാത്തുവെച്ചതാണ്.

 വെള്ളായിയപ്പനും മകനും കണ്ടുമുട്ടുന്ന ഭാഗം വിശദീകരിച്ചു.
തെല്ലിട അവർ പരസ്പരം ഒന്നും സംസാരിക്കാതെ നോക്കി നിന്നു
പിന്നീട് കെട്ടിപ്പിടിച്ചു
ശ്രുവണത്തിനപ്പുറമുള്ള സ്ഥായിയിൽ കണ്ടുണ്ണി (വെള്ളായിയപ്പന്റെ മകൻ) നിലവിളിച്ചു.

■ സ്ഥായി : ശബ്ദത്തിന്റെ നില
കേൾക്കാവുന്നതിനും അപ്പുറമുള്ള സ്ഥായിയിലാണ് കണ്ടുണ്ണി നിലവിളിക്കുന്നത്.

 അപ്പനും മകനും വികാരങ്ങൾ കൊണ്ട് നിശബ്ദമായി സംസാരിക്കുന്ന ഭാഗം വിശദമാക്കി. ഭാഷ, ആശയത്തോടൊപ്പം ഒരു വികാരം കൂടി കൈമാറ്റം ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കി. മൗനം വാചാലമാകുന്നതിന് ചില സന്ദർഭങ്ങൾ കടൽത്തീരത്ത് എന്ന കഥയിൽ നിന്നും ഒപ്പം, മുൻ പാഠഭാഗങ്ങളിൽ നിന്നും ചൂണ്ടിക്കാട്ടി

■ കുട്ട്യസ്സൻ മാപ്ലയും വെള്ളായിയപ്പനും തമ്മിലുള്ള കണ്ടുമുട്ടൽ

■ നീലി മണ്ണാത്തിയും വെള്ളായിയപ്പനും തമ്മിലുള്ള കണ്ടുമുട്ടൽ

ഭാഷയിൽ ആവിഷ്കരിക്കാനാകാത്ത മഹാസങ്കടങ്ങളെ മൗനം പ്രതിഫലിപ്പിക്കുന്നു.

■അനുബന്ധങ്ങൾ

■ തന്നില്ല പരനുള്ളുകാട്ടുവാ-

നൊന്നുമേ നരനുപായമീശ്വരൻ

ഇന്ന് ഭാഷയിതപൂർണ്ണമിങ്ങഹോ

വന്നുപോം പിഴയുമർത്ഥശങ്കയാൽ

നളിനി - കുമാരനാശാൻ

■ ഴാങ് വാൽ ഴാങ് കണ്ണുകൾ രണ്ടും മിഴിഞ്ഞു പോയി നിൽക്കുന്ന സന്ദർഭം

പാവങ്ങൾ - വിക്ടർഹ്യൂഗോ

■ മൊഴികുഴങ്ങി നിന്നവൾ

പ്രിയദർശനം - നളിനി - കുമാരനാശാൻ

 മകനുമായുള്ള കണ്ടുമുട്ടലിനു ശേഷം വെള്ളായിപ്പൻ തിരിച്ച് നടക്കുന്നതും തിരിഞ്ഞു നോട്ടത്തിലൂടെ ശ്രദ്ധാഞ്ജലി അർപ്പിക്കുന്നതുമായ ഭാഗം വിശദീകരിച്ചു.

■ ആ രാത്രി വെള്ളായിയപ്പൻ ഉറങ്ങുന്നില്ല. മകൻ ഉറങ്ങുന്നുണ്ടാവില്ല എന്ന ബോധ്യമാണ് അയാൾ ഉറക്കമുപേക്ഷിക്കുന്നതിന് കാരണം. രാവിലെ വധശിക്ഷ നടപ്പാക്കുന്നതിന്റെ സൂചനയായി കൊമ്പുവിളികൾ കേൾക്കുന്നു.

 മകന്റെ മൃതദേഹം വെള്ളായിയപ്പൻ എറ്റുവാങ്ങുന്ന ഭാഗം വിശദീകരിച്ചു.

■ ഒരു പേറ്റിച്ചിയെപ്പോലെ തന്റെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരനിൽ നിന്നും ഏറ്റുവാങ്ങി.

[ പേറ്റിച്ചി : വയറ്റാട്ടി , പ്രസവമെടുക്കുന്ന സ്ത്രീ]

■ പേച്ചിറ്റി വളരെ ശ്രദ്ധയോടെയും കരുതലോടെയുമാണ് പൈതലിന്റെ ജീവൻ തുടിക്കുന്ന ശരീരം ഏറ്റുവാങ്ങുന്നത്.

ജീവന്റെ തുടിപ്പില്ലെങ്കിലും അതേ ശ്രദ്ധയോടെയാണ് വെള്ളായിയപ്പൻ മകന്റെ ചേതനയറ്റ ശരീരം ഏറ്റുവാക്കുന്നത്. അഗാധമായ പുത്രസ്നേഹം ഇവിടെ അനാവൃതമാകുന്നു.

 മകന്റെ ദേഹം സംസ്കരിക്കാൻ പോലും കൈയിൽ പണമില്ലാത്ത, വെള്ളായിയപ്പന്റെ നിസ്സഹായത ചൂണ്ടിക്കാട്ടി.

■ അനുബന്ധമായി

ഇല്ല ദാരിദ്ര്യാർത്തിയോളം വലുതായിട്ടൊരാർത്തിയും.

-രാമപുരത്ത് വാര്യർ-

എന്ന വരികൾ ചൂണ്ടിക്കാട്ടി.

എന്തു കാരണത്തിൻ പേരിലാണ് കണ്ടുണ്ണി വധശിക്ഷയ്ക്ക് വിധിക്കപ്പെടുന്നത്?

(കഥയിൽ സൂചനകൾ ഇല്ല )

അയാൾ കുറ്റം ചെയ്തിട്ടുണ്ടോ ?

നിയമസംവിധാനത്തിന്റെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ ആ കുടുംബത്തിന് സാധിച്ചിട്ടുണ്ടാകുമോ ?

കുട്ടികളുടെ ചിന്തയെ ഉണർത്തുന്നതിനായി ചില ചോദ്യങ്ങൾ ഉന്നയിച്ചു.

നഗരത്തിനു പുറത്ത്, കണ്ടുണ്ണിയുടെ ദേഹം സംസ്കരിക്കുന്നതിന് വെള്ളായിയപ്പൻ സാക്ഷ്യം വഹിക്കുന്നതും അലഞ്ഞുതിരിഞ്ഞ് അയാൾ കടൽത്തീരത്തെത്തുന്നതും കൈയിലെ പാഥേയം മകന്റെ ബലിച്ചോറാക്കി മാറ്റുന്നതുമായ ഭാഗം വിവരിച്ചു.

തുടർപ്രവർത്തനങ്ങൾ:

1. രണ്ടു വാക്കുകൾക്കിടയിൽ ദുഃഖത്തിൽ മൗനത്തിൽ അച്ഛനും മകനും അറിവുകൾ കൈമാറി. അർത്ഥപൂർണമായ മൗനം കഥയെ ഭാവസാന്ദ്രമാക്കുന്നുണ്ട്. മറ്റ് കഥാസന്ദർഭങ്ങൾ കൂടി കണ്ടെത്തി പ്രസ്താവനയെ സമർത്ഥിക്കുക .

2. ഭാരിദ്ര്യം മനുഷ്യരെ നിസ്സഹായരാക്കുന്നതിന് തെളിവ് നൽകുന്ന  നിരവധി സന്ദർഭങ്ങൾ കഥയിലുണ്ട്.

അവ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക .

നവാസ് മന്നൻ

GHSS ശ്രീകണ്ഠപുരം